# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5718 02.07.2019-ൽ മറുപടിയ്ക്ക്

## കെപ്കോ പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മഞ്ഞളാംകുഴി അലി**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **അഡ്വ.കെ.രാജു**<br>**(വനം,മൃഗസംരക്ഷണം**<br>**ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി)** |
| എ) | കെപ്കോ വഴി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ) | കേരളത്തിലെ മുട്ടയുല്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തെ മുൻനിർത്തി കെപ്കോ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1) **<u>കെപ്കോ ആശ്രയ പദ്ധതി</u>**<br><br>തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ ഓരോ വിധവകൾക്കും ഇതുവഴി 10 കോഴികളും, 10 കിലോ തീറ്റയും, 50/- രൂപയുടെ മരുന്നും നൽകുന്നു.<br><br>2) **<u>കെപ്കോ വനിതാമിത്രം പദ്ധതി</u>**<br>തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ കുടുംബശ്രീ യൂണിറ്റിൽപ്പെട്ട 1000 വനിതാ ഗുണഭോക്താക്കൾക്ക് 10 കോഴികളും, 10 കിലോ തീറ്റയും, മരുന്നും വിതരണം ചെയ്യുന്നു. ഇതിനായി ഓരോ ഗുണഭോക്താവും 250/- രൂപ വീതം ഗുണഭോക്തൃ വിഹിതമായി അടയ്ക്കേണ്ടതാണ്.<br><br>3) **<u>കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി</u>**<br>സ്കൂൾ കുട്ടികളിൽ സമ്പാദ്യശീലം വളർത്തുക, തൊഴിലിന്റെ മഹത്വം ബോധ്യപ്പെടുത്തുക, എന്നീ ലക്ഷ്യങ്ങൾ മുൻ നിറുത്തി സംസ്ഥാനത്തെ ഗവൺമെന്റ് / എയ്ഡഡ് സ്കൂളുകളിലെ യു.പി വിഭാഗത്തിലെ 6,7 സ്റ്റാൻഡേർഡുകളിലെയും, ഹൈസ്കൂൾ വിഭാഗത്തിലെ 8,9 സ്റ്റാൻഡേർഡുകളിലെ ഓരോ കുട്ടിക്കും, 5 കോഴിയും, 5 കിലോ തീറ്റയും മരുന്നും സൗജന്യമായി നൽകുന്നു. |

| | | | |
|---|---|---|---|
| | | | 4) **കെപ്കോ നഗരപ്രിയ പദ്ധതി**<br>നഗര പ്രദേശങ്ങളിലെ മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുക, അടുക്കള മാലിന്യങ്ങൾ നൽകി മുട്ടയുല്പാദന ചിലവ് കുറയ്ക്കുക, മാലിന്യ സംസ്കരണത്തിന് ഒരു പരിധിവരെ സഹായിക്കുക, കോഴിവളം പച്ചക്കറികൃഷിക്ക് ഉപയോഗപ്പെടുത്തി പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുക, എന്നിവ ലക്ഷ്യമാക്കി കോർപ്പറേഷൻ / മുൻസിപ്പാലിറ്റി എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ടുള്ള നൂതന പദ്ധതിയാണിത്. ഇതുവഴി തെരഞ്ഞെടുക്കപ്പെടുന്ന ഓരോ ഗുണഭോക്താവിനും 5 കോഴിയും ആധുനിക രീതിയിലുള്ള കൂടും, 5 കിലോ തീറ്റയും, മരുന്നും, നൽകുന്നതാണ് ഈ പദ്ധതി. ഇതിനായി ഗുണഭോക്താക്കൾ നിശ്ചിത തുക ഗുണഭോക്തൃ വിഹിതമായി അടയ്ക്കേണ്ടതുണ്ട്. |
| ബി) | വിദ്യാർത്ഥികൾക്ക് കോഴിക്കുഞ്ഞ് വിതരണം ചെയ്യുന്ന 'കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ്' പദ്ധതി ഈ വർഷം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണ് എന്നറിയിക്കാമോ; | ബി) | ഇല്ല. ഈ പദ്ധതിയ്ക്ക് ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | ഈ വർഷം പദ്ധതി നടപ്പിലാക്കുന്നതിന് എല്ലാ ജില്ലയിലെയും സ്കൂളുകളെ പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | സി) | ഈ വർഷം എല്ലാ ജില്ലകളിലുമുള്ള സ്കൂളുകളെ പരിഗണിക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. |

(signature)

സെക്ഷൻ ഓഫീസർ